(ബി) നിർമ്മാണം ആരംഭിച്ച ചമ്പക്കുളം പാലം, മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം എന്നിവയുടെ പണി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച കൈനകരിയിലെ ബേക്കറിപ്പാലം നിർമ്മാണം എന്ന് ആരംഭിക്കുമെന്നതിന്റെ കാലാവധി സഹിതമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മുണ്ടയ്ക്കൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 1. ചമ്പക്കുളം പാലം പൂർത്തീകരിക്കുന്നതിന് കരാറുകാരൻ മുന്നോട്ടു വരാത്തതുകൊണ്ട് കരാറുകാരന് അവസാന നോട്ടീസ് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

2. മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം - നിശ്ചിത കാലാവധിയായ 19-1-2016 നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കൈനകരി പഞ്ചായത്തിലെ ബേക്കറി പാലത്തിന്റെ പ്രവൃത്തിക്കുള്ള കരാർ 7-10-2014-ൽ വച്ചിട്ടുണ്ട്. 2014 ഡിസംബർ അവസാനവാരത്തോടെ പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

345(3270) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച റോഡുകളിൽ പ്രവൃത്തി നടത്താൻ ബാക്കിയുള്ള റോഡുകളുടെ വിശദാംശം നൽകുമോ ; പ്രസ്തുത റോഡുകൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ; ഈ റോഡുകളുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly